(സി) മൊത്തം മുപ്പത്തിയെട്ട് കോടതികൾ സ്ഥാപിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിൽ 27 എണ്ണം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ബാക്കി 11 എണ്ണത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) 38 ഫാസ്റ്റ് ട്രാക്ക് കോടതികൾ എന്ന ലക്ഷ്യം കൈവരിച്ചാൽ മാത്രമേ സംസ്ഥാനത്തിനു നീക്കിവച്ച മുഴുവൻ തുകയും അനുവദിയ്ക്കുകയുള്ളുവെന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഫാസ്റ്റ് ട്രാക്ക് കോടതികളിലേക്കുള്ള നിയമനങ്ങൾ 31-3-2004-ന് മുമ്പ് പൂർത്തിയാക്കിയിരിക്കണമെന്നും, സ്ഥല സൗകര്യമില്ലായെങ്കിൽ വാടക കെട്ടിടത്തിലോ കെട്ടിടം പുതുതായി നിർമ്മിച്ചോ, കോടതികൾ പ്രവർത്തനം ആരംഭിക്കണമെന്നും സുപ്രീം കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്.

കൃത്യവിലോപവും ഉദാസീനതയും പ്രകടിപ്പിക്കുന്ന അഭിഭാഷകരെ കണ്ടെത്താൻ സംവിധാനം

84[T1559] ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹൈക്കോടതിയിലും വിവിധ ജില്ലാ കോടതികളിലുമായി എത്ര ഗവൺമെന്റ് പ്ലീഡർമാർ/പ്രോസിക്യൂട്ടർമാർ പ്രവർത്തിച്ചുവരുന്നു;

(ബി) വിവിധ സ്പെഷ്യൽ കോടതികളിലായി എത്ര അഭിഭാഷകർ പ്രവർത്തിക്കുന്നു;

(സി) ഏതെല്ലാം ജില്ലാ കോടതികളിൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ എത്ര ഒഴിവുകൾ ഇനിയും നികത്താനുണ്ടെന്ന് അറിയിക്കുമോ;

(ഡി) സർക്കാർ അഭിഭാഷകരുടെ ഹൈക്കോടതിയിലെ പ്രവർത്തനം വിലയിരുത്താൻ ഇപ്പോഴുള്ള സംവിധാനം എന്തെന്ന് വിശദീകരിക്കുമോ;

(ഇ) കൃത്യവിലോപവും ഉദാസീനതയും പ്രകടിപ്പിക്കുന്ന അഭിഭാഷകരെ കണ്ടെത്താൻ ഓരോ ജില്ലയിലും ഉന്നതതല സംവിധാനം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹൈക്കോടതിയിലും വിവിധ ജില്ലാ കോടതികളിലുമായി ആകെ 150 ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ പ്രവർത്തിച്ചുവരുന്നു.

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോഴിക്കോട്ടും കൊല്ലത്തുമുള്ള വഖഫ് ട്രൈബൂണലുകളിൽ ഓരോ അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാർ പ്രവർത്തിച്ചു വരുന്നു.

(സി) തിരുവനന്തപുരം ജില്ലാ കോടതിയിൽ ഡിസ്ട്രിക്ട് ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ ഒരു ഒഴിവ് നികത്താനുണ്ട്.

(ഡി) ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡർമാരുടെ പ്രവർത്തനം വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തി ബന്ധപ്പെട്ട സെക്രട്ടറിമാർ ചീഫ് സെക്രട്ടറിക്ക് നൽകിവരുന്നുണ്ട്.

(ഇ) ഉന്നതതല സംവിധാനം ഏർപ്പെടുത്തുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ജുഡീഷ്യൽ സർവ്വീസിലെ മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകൾ

85 [1560] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ജുഡീഷ്യൽ സർവ്വീസിൽ എത്ര മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകളാണ് നിലവിലുള്ളത്;

(ബി) അതിൽ ട്രാൻസ്ഫർ മുഖേന പ്രൊമോഷൻ കിട്ടി നിയമിതരായവർ എത്രയുണ്ട് എന്നറിയിക്കാമോ;

(സി) അവരുടെ വിശദവിവരം നൽകുമോ;

(ഡി) 2002 മാർച്ചിൽ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബാർ എക്സ്പീരിയൻസിന്റെ വ്യവസ്ഥ ഒഴിവാക്കിക്കൊണ്ട് കേരള ജുഡീഷ്യൽ സർവ്വീസ് റിക്രൂട്ട്മെന്റ് റൂൾസ് ഭേദഗതി ചെയ്തിട്ടുണ്ടോ;

(ഇ) പ്രസ്തുത റൂൾസ് ഇപ്രകാരം ഭേദഗതി ചെയ്യുവാൻ സുപ്രീം കോടതി വിധിയുണ്ടായിട്ടും നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടാവാൻ കാരണമെന്താണെന്നു വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത റൂൾസ് ഭേദഗതി ചെയ്യാത്തതിനാൽ സംസ്ഥാന സർക്കാരിനെതിരെ സുപ്രീം കോടതിയിൽ കോടതി അലക്ഷ്യ ഹർജികൾ നിലവിൽ ഉണ്ടോ;

(ജി) സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ റൂൾസ് ഭേദഗതി ചെയ്യുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly